26.11.09 Deshabhimani

ഐടി

# ഗ്രാമങ്ങൾതോറും ജനസേവനകേന്ദ്രങ്ങൾ

## കോമൺ സർവീസ് സെന്ററിനെക്കുറിച്ചുള്ള ദേശീയ പ്രചാരണം നവംബർ 15 മുതൽ 27 വരെ

ഡോ. രാമന്തളി രവി



പൊതുജനങ്ങളുടെ വിവധ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കാൻ കേരളത്തിലാകെ രണ്ടായിരത്തിലേറെ ജനസേവനകേന്ദ്രങ്ങൾ ഉയർന്നുവരികയാണ്. കേന്ദ്രസർക്കാരിന്റെ ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായിട്ടാണ് ഇന്ത്യയിലെ ആറു ഗ്രാമങ്ങൾക്ക് ഒരു കോമൺ സർവീസ് സെന്റർ എന്ന നിലയിൽ രാജ്യത്ത് ഒരുലക്ഷം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്.

വിവരസാങ്കേതികവിദ്യയുടെ വികാസവും പ്രയോഗവും സാധാരണക്കാർക്കുകൂടി അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് ഗ്രാമപ്രദേശത്തുകൂടി കോമൺ സർവീസ് സെന്റർ നിലവിൽവരുന്നത്. സർക്കാർവകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനരീതികൾ തിരിച്ചറിയാൻ കഴിയാത്തവണ്ണം മാറിവരികയാണ്. സേവനങ്ങളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും വിവരസാങ്കേതികവിദ്യയുടെ പങ്ക് നിർണായകമാകുന്നു. സർക്കാർചട്ടങ്ങളും നിയമങ്ങളും അംഗീകരിച്ചുകൊണ്ട് സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കാൻ പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ പൗരന്മാർക്ക് അതിന്റെ ഗുണഫലം സിദ്ധിക്കുന്നതിനുവേണ്ടി ഗ്രാമങ്ങൾതോറും ഇത്തരം ജനസേവനകേന്ദ്രങ്ങൾ കൂടിയേ തീരൂ.

കേരളത്തിന് 227 കോമൺ സർവീസ് സെന്ററുകളാണ് തുടക്കത്തിൽ അനുവദിച്ചിരുന്നത്. നിലവിലുള്ള അക്ഷയ കേന്ദ്രങ്ങൾവഴി കോമൺ സർവീസ് സെന്ററിൽകൂടി കേന്ദ്രസർക്കാർ നൽകാനുദ്ദേശിച്ചിരുന്ന സേവനങ്ങളിൽ പലതും ഇപ്പോൾത്തന്നെ കേരളത്തിൽ നൽകിവരുന്നുണ്ട്. ടെലിഫോൺ ബില്ലുകൾ, ഇലക്ട്രിസിറ്റി ബില്ലുകൾ, വെള്ളക്കരത്തിന്റെ ബില്ലുകൾ എന്നിവ അക്ഷയ കേന്ദ്രങ്ങൾവഴി അടയ്ക്കാനുള്ള സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. കംപ്യൂട്ടർ സാക്ഷരതയ്ക്കുശേഷം അക്ഷയ കേന്ദ്രങ്ങളിൽ നടന്നു വരുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നത് ഇ-പേയ്മെന്റുകൾക്കും വിവിധതരം പരിശീലന പരിപാടികൾക്കുമാണ്. കച്ചവടക്കാരുടെ ഇ-ഫയലിങ്ങും അക്ഷയ കേന്ദ്രങ്ങൾവഴി നടന്നുവരുന്നുണ്ട്. ഈയൊരു പ്രത്യേക സാഹചര്യത്തിൽ മറ്റുസംസ്ഥാനങ്ങൾക്കു നൽകുന്നതുപോലെ ആറു വില്ലേജുകൾക്ക് ഒരു കോമൺ സർവീസ് സെന്റർ എന്നതു മാറ്റി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ കോമൺ സർവീസ് സെന്ററായി പരിഗണിക്കണമെന്നുള്ള സംസ്ഥാനസർക്കാരിന്റെ അപേക്ഷ കേന്ദ്രം സ്വീകരിക്കുകയും കേരളത്തിലെ 2200 അക്ഷയ കേന്ദ്രങ്ങൾ കോമൺ സർവീസ് സെന്ററായി അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. അപ്പോഴും കോമൺ സർവീസ് സെന്ററിനു നൽകുന്ന സാമ്പത്തിക സഹായം 227 സെന്ററിനു മാത്രമായി കേന്ദ്രസർക്കാർ പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, കേരളത്തിന് അനുവദിച്ച മുഴുവൻ കോമൺ സർവീസ് സെന്ററിനും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേരളസർക്കാർ നൽകിയിട്ടുണ്ട്.

കോമൺ സർവീസ് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത് 2006-07 സാമ്പത്തികവർഷമാണ്. ഇതിനുവേണ്ടി 5742 കോടി രൂപയാണ് പദ്ധതിയിൽ വിഭാവനംചെയ്തത്. ഇതിന്റെ 30 ശതമാനം തുക സർക്കാരും 70 ശതമാനം സ്വകാര്യസംരംഭകരും മുടക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. കേരളത്തിലെ അക്ഷയ സംരംഭകർ സ്വന്തംനിലയിൽ മുതൽമുടക്കിയാണ് അക്ഷയ കേന്ദ്രങ്ങൾക്ക് രൂപം കൊടുത്തത്. തദ്ദേശഭരണസ്ഥാപങ്ങൾ കംപ്യൂട്ടർ സാക്ഷരതയ്ക്കുവേണ്ടി മാറ്റിവച്ച തുകയിൽനിന്നുള്ള വരുമാനമാണ് ആദ്യഘട്ടത്തിൽ സംരംഭകർക്കു ലഭിച്ചിരുന്നത്. ഇ-പേയ്മന്റും മറ്റു പരിശീലന പരിപാടികളും ആരംഭിച്ചതിനുശേഷമാണ് അക്ഷയ സംരംഭകർക്ക് വരുമാനത്തിൽ ചെറിയ തോതിലെങ്കിലും വർധന ഉണ്ടായത്. കേന്ദ്രസർക്കാർ അക്ഷയ കേന്ദ്രങ്ങളെ കോമൺ സർവീസ് സെന്ററുകളായി അംഗീകരിക്കുമ്പോൾ വലിയ പ്രതീക്ഷയോടെയാണ് അക്ഷയ സംരംഭകർ ഈ പ്രഖ്യാപനത്തെ കാണുന്നത്.

### കേരളത്തിലെ കോമൺ സർവീസ് സെന്ററുകൾ

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 143 |
| കൊല്ലം | 116 |
| പത്തനംതിട്ട | 74 |
| ആലപ്പുഴ | 154 |
| കോട്ടയം | 114 |
| ഇടുക്കി | 63 |
| എറണാകുളം | 137 |
| തൃശൂർ | 154 |
| പാലക്കാട് | 150 |
| മലപ്പുറം | 185 |
| കോഴിക്കോട് | 120 |
| വയനാട് | 58 |
| കണ്ണൂർ | 149 |
| കാസർകോട് | 65 |
| ആകെ | 1678 |

## എന്തൊക്കെ സേവനങ്ങൾ

സാധാരണക്കാരായ ഗ്രാമീണർക്ക് സർക്കാർ ഓഫീസുകളിൽനിന്നു ലഭിക്കേണ്ട സേവനങ്ങളിൽ പലതും കോമൺ സർവീസ് സെന്റർവഴി നൽകും. കേരളത്തിലാകട്ടെ ഇ-ഗവേണൻസ് പരിപാടിയുടെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കിവരികയാണ്. കലക്ടറേറ്റ് അടിസ്ഥാനപ്പെടുത്തി പൗരന്മാർക്കു ലഭിക്കേണ്ട വിവിധ സർവീസുകൾ ഇലക്ട്രോണിക് സംവിധാനംവഴി നൽകാനുള്ള ശ്രമം പുരോഗമിക്കുന്നു. അടുത്തിടെ ഇറങ്ങിയ സർക്കാർഉത്തരവിൽ വിവിധ വകുപ്പുകളിൽനിന്നു നൽകുന്ന സേവനങ്ങൾക്കായി പുതിയ കിയോസ്കുകൾ തുറന്നു നൽകേണ്ടതില്ലെന്നും അക്ഷയ കേന്ദ്രങ്ങൾവഴി നൽകിയാൽ മതിയെന്നും നിർദേശിക്കുന്നുണ്ട്.

ഭൂമി സംബന്ധമായ രേഖകൾ, ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ, വിവിധ അപേക്ഷാഫോറങ്ങൾ, ലൈസൻസുകൾ, പാസുകൾ എന്നിവ നൽകാനും സ്വീകരിക്കാനുമുള്ള സൗകര്യങ്ങൾ കോമൺ സർവീസ് സെന്ററുകളിൽ ഉണ്ടാകും. വിവിധ നികുതികൾ, ഫീസുകൾ എന്നിവ ഇ-പേയ്മെന്റ് മുഖേന ഒടുക്കാനുള്ള സൗകര്യങ്ങളും ഉണ്ടാകും. സർക്കാർസേവനങ്ങൾ കൂടാതെ സർക്കാരിതര സ്ഥാപങ്ങളിൽനിന്നു ലഭിക്കുന്ന സേവങ്ങൾ നൽകാനുള്ള സൗകര്യവും കോമൺ സർവീസ് സെന്ററിൽ ഉണ്ടാകും. മാർക്കറ്റിങ്, ഡാറ്റ കലക്ഷൻ, ഡാറ്റ ഡിജിറ്റലൈസേഷൻ, വിവിധതരം പരസ്യങ്ങൾ എന്നിവ ബിസിനസ് ടു സിറ്റിസൺ എന്ന നിലയിൽ കോമൺ സർവീസ് സെന്ററിൽ ലഭിക്കും. വിവിധതരം തൊഴിൽ പരിശീലനങ്ങൾ, ബാങ്കിങ് ഇടപാടുകൾ, ഇൻഷുറൻസ്, ചിട്ടികൾ, ടെലിമെഡിസിൻ എന്നിവയും കോമൺ സർവീസ് സെന്ററുകൾവഴി നടപ്പാക്കും.

ramanthaliravi@gmail.com

ഓൺവീൽസ്



## പഴമയുടെ കൾട്ടുമായി വീണ്ടും ക്ലാസിക്

സിബി തോമസ്

മലയാളികൾക്ക് കടലിനോടും ആനയോടുമുള്ള പ്രണയം പോലെയാണ് വാഹനപ്രേമികൾക്ക് ബുള്ളറ്റിനോടും. എൻഫീൽഡിന്റെ ശബ്ദം കേൾക്കുമ്പോൾത്തന്നെ ഹൃദയത്തിലൊരു ഉൾപ്പുളകം ആർക്കുമുണ്ടാകും. യൂറോപ്പിൽ തുടങ്ങി ഹിമാലയം മുതൽ അന്റാർട്ടിക്ക വ